# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4217 25/06/2014 ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി</u>**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി, മെസ് ഫീസ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നു മുതൽക്കാണ് കൊടുത്തു തുടങ്ങിയതെന്നും തുടക്കത്തിൽ നൽകിയ തുക എത്രയാണെന്നും തുടർന്ന് ഇതേവരെ പല ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച തുക എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | വിദ്യാഭ്യാസാനുകൂല്യങ്ങൾ 1957 മുതൽ കൊടുത്തു തുടങ്ങി. തുടർന്ന് 1989 വർഷാരംഭത്തിൽ പ്രീ-മെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റിനത്തിൽ അനുവദിച്ച തുകയും പിന്നീട് 01/04/1989 മുതൽ വർദ്ധിപ്പിച്ച് നൽകിയ തുകയും ചുവടെ ചേർക്കുന്നു. |

| വിഭാഗം (ക്ലാസ്) | നിരക്ക് (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|
| നേഴ്സറി | 10 | 25 |
| 1 മുതൽ 3 | 30 | 40 |
| 4 | 35 | 45 |
| 5 | 65 | 80 |
| 6 മുതൽ 7 | 75 | 90 |
| 8 മുതൽ 10 | 105 | 125 |

പോസ്റ്റ് മെട്രിക് തലത്തിൽ 1989 വർഷാരംഭത്തിൽ 80/- രൂപ മുതൽ 555/- രൂപ വരെ വിവിധ നിരക്കുകളിൽ വിവിധ കോഴ്സുകൾക്ക് അനുവദിച്ചു വന്നിരുന്ന ലംപ്സംഗ്രാന്റ് 100/- രൂപ മുതൽ 665/- രൂപ വരെ വിവിധ നിരക്കുകളിൽ വർദ്ധിപ്പിക്കുകയുണ്ടായി. പോക്കറ്റ് മണി 35/- രൂപ 45/- രൂപയാക്കി വർദ്ധിപ്പിച്ചു.

12/01/2001 ൽ വർദ്ധിപ്പിച്ച് നൽകിയ തുകയും അന്നു നിലവിലുണ്ടായിരുന്ന തുകയും ചുവടെ ചേർക്കുന്നു.

**പ്രീ-മെട്രിക് പഠനം**

**ലംപ്സംഗ്രാന്റ്**

| വിഭാഗം (ക്ലാസ്) | നിരക്ക് (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|
| നേഴ്സറി വിഭാഗം | 50 | 95 |
| 1 മുതൽ 3 വരെ | 70 | 95 |
| 4 | 70 | |
| 5 | 110 | 155 |
| 6-7 | 125 | |
| 8-10 | 175 | 220 |
| പോക്കറ്റ് മണി | 45 | 70 |

പോസ്റ്റ്മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റിനത്തിൽ 140/- രൂപ മുതൽ 1100/- രൂപ വരെ വിവിധ നിരക്കുകളിൽ അനുവദിച്ച തുക 175/- രൂപ മുതൽ 1375/- രൂപ വരെ വിവിധ നിരക്കുകളിൽ വർദ്ധിപ്പിക്കുകയുണ്ടായി. പോക്കറ്റ് മണി 80/- രൂപയാക്കി വർദ്ധിപ്പിച്ചു.

01/02/2008 ൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ വീണ്ടും വർദ്ധിപ്പിച്ച് നൽകുകയുണ്ടായി. ലംപ്സംഗ്രാന്റിനത്തിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

**പ്രീ-മെട്രിക് പഠനം**

**നേഴ്സറി സ്കൂൾ**

നേഴ്സറി സ്കൂൾ - 100/- രൂപ

എൽ.പി. - 140/- രൂപ

യു.പി - 240/- രൂപ

എച്ച്.എസ് - 330/- രൂപ

പോക്കറ്റ് മണി - 70/- രൂപ

**പോസ്റ്റ് മെട്രിക് പഠനം**

ലംപ്സംഗ്രാന്റിനത്തിൽ 265/- രൂപ മുതൽ 2065/- രൂപ വരെ വിവിധ നിരക്കുകളിൽ വിവിധ കോഴ്സുകൾക്ക് തുക വർദ്ധിപ്പിച്ച് നൽകുകയുണ്ടായി. പോക്കറ്റ്

| | | | |
|---|---|---|---|
| | | | മണി 120/- രൂപയാക്കി വർദ്ധിപ്പിച്ചു.<br>01/06/2012 മുതൽ പ്രാബല്യത്തിൽ വീണ്ടും വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവാകുകയുണ്ടായി.<br>പ്രീ-മെട്രിക് പഠനം (ലംപ്സംഗ്രാന്റ് - രൂപയിൽ)<br>നേഴ്സറി സ്കൂൾ - 150/- രൂപ<br>എൽ.പി. - 250/- രൂപ<br>യു.പി - 500/- രൂപ<br>എച്ച്.എസ് - 750/- രൂപ<br>പോക്കറ്റ് മണി -100/- രൂപ<br>പോസ്റ്റ്മെട്രിക് തലത്തിൽ 350/- രൂപ മുതൽ 2500/- രൂപ വരെ വിവിധ നിരക്കുകളിൽ ലംപ്സംഗ്രാന്റിനത്തിൽ തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.<br>പോക്കറ്റ് മണി 150/- രൂപ<br>2006 വർഷം വർദ്ധിപ്പിച്ച മെസ് ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.<br>പോസ്റ്റ് മെട്രിക് ഹോസ്റ്റൽ - 900/- രൂപ<br>പ്രീ-മെട്രിക് ഹോസ്റ്റൽ - 700/- രൂപ<br>2009 വർഷം വർദ്ധിപ്പിച്ച മെസ് ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.<br>പോസ്റ്റ് മെട്രിക് ഹോസ്റ്റൽ - 1500/- രൂപ<br>പ്രീ-മെട്രിക് ഹോസ്റ്റൽ -1300/- രൂപ<br>26/10/2013 ൽ മെസ് ഫീസ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. നിരക്കുകൾ ചുവടെ ചേർക്കുന്നു.<br>പോസ്റ്റ് മെട്രിക് ഹോസ്റ്റൽ- 2300/- രൂപ<br>പ്രീ-മെട്രിക് ഹോസ്റ്റൽ - 2000/- രൂപ |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം വർദ്ധിപ്പിച്ച ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | പ്രീ-മെട്രിക് പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അവസാനമായി വർദ്ധിപ്പിച്ച് നൽകിയത് 11/01/2012 ലെ സ.ഉ(കൈ) നം.6/12/പജപവവിവ പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പ്രകാരം നേഴ്സറി തലത്തിൽ 50% വർദ്ധനവും എൽ.പി. വിഭാഗത്തിൽ 79% വർദ്ധനവും യു.പി. വിഭാഗത്തിൽ 108% വർദ്ധനവും ഹൈസ്കൂൾ വിഭാഗത്തിൽ 127% വർദ്ധനവും ഉണ്ടായിട്ടുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് നിരക്കുകളിൽ 20% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോക്കറ്റ് മണിയായി അനുവദിക്കുന്ന തുകയിൽ 25% മുതൽ 50% വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് മെസ് അലവൻസ് 1500/- രൂപയിൽ നിന്നും 2300/- രൂപയായും പ്രീ-മെട്രിക് ഹോസ്റ്റൽ മെസ് ഫീസ് 1300/- രൂപയിൽ നിന്നും 2000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അപര്യാപ്തമായതിനാൽ അവ വർദ്ധിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എത്രയാണെന്ന് പരിശോധിച്ച് അതിനെക്കാൾ ഉയർന്ന നിരക്കിൽ ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്